# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 2**

---

## എം.ജി ബിരുദാനന്തര ബിരുദം: ഒന്നാം സപ്ലിമെൻററി അലോട്മെൻറ് പ്രസിദ്ധീകരിച്ചു

എം.ജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദാന്തര ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൻറെ ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവർ നിശ്ചിത സർവകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് പ്രവേശനം ഉറപ്പാക്കണം.

താത്കാലിക പ്രവേശനത്തിനായി കോളജുകളിൽ ഹാജരാകേണ്ടതില്ല. സ്ഥിര പ്രവേശനം നേടുന്നവർ കോളജുകളിൽ നേരിട്ടെത്തി ട്യൂഷൻ ഫീസ് അടച്ച് പ്രവേശനം നേടണം. ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനത്തിന് ക്രമീകരണമില്ല.

താത്കാലിക പ്രവേശനം എടുക്കുന്നവർ ഓൺലൈനിൽ ഫീസ് അടച്ചശേഷം ലഭിക്കുന്ന അലോട്ട്മെൻറ് മെമ്മോ ഓഗസ്റ്റ് എട്ടിനു മുൻപ് കോളജുകൾക്ക് നൽകി പ്രവേശനം സ്ഥിരീകരിക്കണം. പ്രവേശനം ഉറപ്പാക്കിയതിൻറെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. പ്രവേശനവുമായി ബന്ധപ്പെട്ട പരാതികളുണ്ടെങ്കിൽ സമർപ്പിക്കുന്നതിന് കൺഫർമേഷൻ സ്ലിപ്പ് ആവശ്യമാണ്.

ഓഗസ്റ്റ് എട്ടിന് വൈകുന്നേരം നാലിനു മുൻപ് സർവകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ചശേഷം പ്രവേശനം ഉറപ്പാക്കത്തവരുടെയും അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/915/2023)

## പി.ജി ; ഭിന്നശേഷിക്കാരുടെ അന്തിമ റാങ്ക് ലിസ്റ്റ്

മഹാത്മാഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത കോളജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന് ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കുള്ള അന്തിമ റാങ്ക് ലിസ്റ്റ്

പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളേജുകളുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് നാലിന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.

(പി.ആർ.ഒ/39/916/2023)

## പി.ജി. കമ്മ്യൂണിറ്റി മെരിറ്റ് ക്വാട്ട ; ഒന്നാം സപ്ലിമെൻററി അലോട്ട് മെൻറ്

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ അഫിലിയേറ്റഡ് . കോളജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടയിൽ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ ഓഗസ്റ്റ് നാലിന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.

(പി.ആർ.ഒ/39/917/2023)

## ബിഎഡ്; രണ്ടാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

എംജി സർവകലാശാലയുടെ അഭിനയേറ്റഡ് കോളജുകളിൽ ബിഎഡ് പ്രവേശന ത്തിന് പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്കായുള്ള രണ്ടാം പ്രത്യേക അലോട്മെന്റ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ ഓഗസ്റ്റ് നാലിന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.

(പി.ആർ.ഒ/39/918/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പ്യൂവർ ആൻറ് അപ്ലൈഡ് ഫിസിക്സിൽ എം.എസ്.സി ഫിസ്ക്സ് കോഴ്സിൽ രണ്ടു സീറ്റുകൾ ഓഴിവുണ്ട്.

ക്യാറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട താല്പര്യമുള്ള വിദ്യാർഥികൾ അസൽ യോഗ്യതാ രേഖകളുമായി നാളെ(ഓഗസ്റ്റ് 4) ഉച്ച കഴിഞ്ഞ് രണ്ടിന് ഫിസിക്സ് വകുപ്പിൽ നേരിട്ട് ഹാജരാകണം.

ഒഴിവുകളിലേയ്ക്കുള്ള പ്രവേശനം ഒ.ഇ.സി, എസ്.ഇ.ബി.സി വിഭാഗ മുൻഗണനാ ക്രമത്തിലായിരിക്കും. മേൽപറഞ്ഞ വിഭാഗത്തിൽപെട്ടവരുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിൽപെട്ടവരെ പരിഗണിക്കും. ഫോൺ: 8304053954, ഇ–മെയിൽ:spap@mgu.ac.in

……………………..

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻറ് ടെക്നോളജിയിൽ എം.എസ്.സി ഇൻഡസ്ട്രിയൽ പോളിമർ സയൻസ് ആൻറ് ടെക്നോളജി പ്രോഗ്രാമിൽ എസ്.സി, എസ്.ടി, മുസ്ലിം വിഭാഗങ്ങളിൽ ഒന്നുവീതം സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് ഏഴിന് രാവിലെ 10.30ന് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9497812510, 9400552374

……………………..

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആൻറ് ട്രാവൽ മാനേജ്മെൻറ് (എം.ടി.ടി.എം)കോഴ്സിൽ എസ്.സി വിഭാഗത്തിൽ രണ്ടു സീറ്റുകൾ  ഒഴിവുണ്ട്.

ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്കാണ് അവസരം. പ്രവേശനം ആഗ്രഹിക്കുന്നവർ സർട്ടിഫിക്കറ്റുകളുമായി ഓഗസ്റ്റ് നാലിന് രാവിലെ 10ന് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഓഫീസിൽ എത്തണം. ഫോൺ- 0481 2732922, 9847700527.

(പി.ആർ.ഒ/39/919/2023)

## മാറ്റി വച്ച പരീക്ഷകൾ സെപ്റ്റംബർ 18 മുതൽ

ഓഗസ്റ്റ് ഒൻപത് മുതൽ നടത്താൻ നിശ്ചയിച്ച നാലാം സെമസ്റ്റർ എം.എഡ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ സെപ്റ്റംബർ 18ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/920/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

സെപ്റ്റംബർ 19ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ് - സ്പെഷ്യൽ എജ്യുക്കേഷൻ - ഇൻറലക്ചൽ ഡിസെബിലിറ്റി(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് സെപ്റ്റംബർ അഞ്ചു വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

സെപ്റ്റംബർ ഏഴിനു പിഴയോടു കൂടിയും സെപ്റ്റംബർ എട്ടിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

വിദ്യാർഥികൾ 65 രൂപ(പരമാവധി 325 രൂപ) സി.വി ക്യാമ്പ് ഫീസ് പരീക്ഷാഫീസിനൊപ്പം അടയ്ക്കണം.

……………………

സെപ്റ്റംബർ അഞ്ചിന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഡ്(2022

അഡ്മിഷൻ റഗുലർ, 2019-2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾക്ക് ഓഗസ്റ്റ് 21 വരെ പിഴയില്ലാതെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഓഗസ്റ്റ് 22ന് പിഴയോടു കൂടിയും ഓഗസ്റ്റ് 23ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

റഗുലർ വിദ്യാർഥികൾ 330 രൂപയും വീണ്ടും എഴുതുന്നവർ ഒരു പേപ്പറിന് 65 രൂപ(പരമാവധി 330 രൂപ) നിരക്കിലും സി.വി ക്യാമ്പ് ഫീസ് പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം.

(പി.ആർ.ഒ/39/921/2023)

## പ്രോജക്ട്, വൈവ വോസി

മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും, 2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് 11ന് നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.......................

നാലാം സെമസ്റ്റർ എം.എസ്.സി ആർട്ടിഫിഷ്യൽ ഇൻറലിജൻസ് - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററിയും റീഅപ്പിയറൻസും) പരീക്ഷയുടെ ഭാഗമായ മെയിൻ പ്രോജക്ട് ഇവാല്യുവേഷൻ, കോഴ്സ് വൈവ പരീക്ഷകൾ ഓഗസ്റ്റ് ഒൻപത്, പത്ത് തീയതികളിൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

...............................

നാലാം സെമസ്റ്റർ എം.എ ചെണ്ട, ഭരതനാട്യം, മോഹിനിയാട്ടം - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട്, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് എട്ടു മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

............................

നാലാം സെമസ്റ്റർ എം.എസ്.സി ഫുഡ് ആൻറ് ഇൻഡസ്ട്രിയൽ മൈക്രോ ബയോളജി - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് നാലു മുതൽ അമലഗിരി ബി.കെ കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/922/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ഹോട്ടൽ മാനേജ്മെൻറ് ആൻറ് കളിനറി ആർട്സ് - മെയ്

2023(സി.ബി.സി.എസ് - ന്യു സ്കീം, 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് എട്ടു മുതൽ സൂര്യനെല്ലി മൗണ്ട് റോയൽ കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.......................

നാലാം സെമസ്റ്റർ എം.എസ്.സി ഇൻഫർമേഷൻ ടെക്നോളജി - ജൂലൈ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി - അഫിലിയേറ്റഡ് കോളജ് വിദ്യാർഥികൾക്കു മാത്രം) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് ഏഴിന് കോന്നി, വി.എൻ.എസ് കോളജ് ഓഫ് ആർട്സ് ആൻറ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/923/2023)

## പരീക്ഷാ ഫലം

ജനുവരിയിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ ബി.പി.എഡ്(2021 അഡ്മിഷൻ റഗുലർ, 2019-2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസ് അടച്ച് ഓഗസ്റ്റ് 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

......................

കഴിഞ്ഞ നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.എ (റഗുലറും സപ്ലിമെൻററിയും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസ് അടച്ച് ഓഗസ്റ്റ് 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

......................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ - ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ് (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും), മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻറ്(2019, 2020 അഡ്മിഷനുകൾ സപ്ലിമെൻററി, 2018 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഫീസ് അടച്ച് ഓഗസ്റ്റ് 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

......................

മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ സംസ്കൃതം സ്പെഷ്യൽ - ന്യായ,സാഹിത്യ,വേദാന്ത,വ്യാകരണ(റിവൈസ്ഡ്) - പി.ജി.സി.എസ്.എസ്, 2021 അഡ്മിഷൻ റഗുലർ, 2019-20 അഡ്മിഷനുകൾ സപ്ലിമെൻററി പരീക്ഷകളുടെ ഫലം

പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധിയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/924/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**